(ബി) ഇതിൽ മദ്യനിരോധന പ്രവർത്തകരെത്ര ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 14 പേരെ ദേഹോപദ്രവം ചെയ്തിട്ടുണ്ട്.

(ബി) 3 പ്രവർത്തകർ.

(സി) 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം - 4

കൊല്ലം - 1

തൃശ്ശൂർ - 2

കോഴിക്കോട് (റൂറൽ) - 2

കാസർഗോഡ് - 1

പനങ്ങോട് കുറുംപൊയിൽ പ്രദേശത്തെ വ്യാജമദ്യ ലോബിയുടെ പ്രവർത്തനം

41 (3786) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പനങ്ങോട് പഞ്ചായത്തിലെ കുറുംപൊയിൽ പ്രദേശത്തെ വ്യാജമദ്യ ലോബിയുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(സി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഇവിടെ ഏഴ് ദുരൂഹമരണങ്ങൾ നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഏറ്റവും ഒടുവിൽ 15-4-2003-നും 16-4-2003-നും മരിച്ച നിലയിൽ കണ്ടെത്തിയ മഠത്തിപ്പറമ്പ്, പുതിയാണ്ടി, പുന്നത്തറ മലയിൽ ഗോപാലൻ എന്നിവരുടെ ദുരൂഹ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിലെ ഏതെങ്കിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(എഫ്) ഇതുസംബന്ധിച്ച് പൊതുജനങ്ങളുടെ പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ജി) അടിക്കടിയുണ്ടാകുന്ന ദുരൂഹ മരണങ്ങൾ സംബന്ധിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന ആരോപണം കണക്കിലെടുത്ത് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇല്ലെങ്കിൽ അന്വേഷണം ക്രൈം ബ്രാഞ്ചിനെ തന്നെ ഏൽപ്പിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജമദ്യലോബികൾ ഉള്ള സ്ഥലങ്ങളിൽ രഹസ്യാന്വേഷണം നടത്തിയും പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന രഹസ്യവിവരങ്ങൾ അനുസരിച്ചും നിരന്തരം റെയ്ഡുകൾ നടത്താറുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പുന്നത്തറ മലയിൽ ഗോപാലന്റെ മരണവുമായി ബന്ധപ്പെട്ട് ബാലുശ്ശേരി പി.എസ്.ക്രൈം. 130/03 ആയി കേസ് രജിസ്റ്റർ ചെയ്ത് ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി&എച്ച്) ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമാണ്. ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ബി.ജെ.പി. നടത്തിയ ഹർത്താലിനെ തുടർന്ന് കാസർഗോഡ് ജില്ലയിൽ ഉണ്ടായ അക്രമ സംഭവങ്ങൾ

42 (3787) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ബി.ജെ.പി. നടത്തിയ ഹർത്താലിനെ തുടർന്ന് കാസർഗോഡ് ജില്ലയിൽ ഉണ്ടായ അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മേൽ സംഭവവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) അക്രമസംഭവവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 16 കേസ്സുകൾ.

(സി) ഏകദേശം 2,42,500 രൂപയുടെ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly